തൊഴിൽ സാദ്ധ്യതയും സൃഷ്ടിക്കുന്നതിനുവേണ്ടി പ്രൈവറ്റ് ഹൈടെക് പാർക്കുകളെ നെൽവയൽ തണ്ണീർത്തട നിയമത്തിലെ സെക്ഷൻ 2(XIV)-ലെ പൊതു ആവശ്യത്തിന്റെ പരിധിയിൽപ്പെടുത്തി എസ്.ആർ.ഒ. 107/2015 തീയതി 27-2-2015 എന്ന നോട്ടിഫിക്കേഷനും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ നെൽവയൽ സംരക്ഷിക്കുന്നതിനും പാരിസ്ഥിതിക സംതുലനാവസ്ഥ നിലനിർത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നെല്ലുല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നതും പാരിസ്ഥിതികാഘാതം ഉണ്ടാക്കുന്നതുമായ നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

**ഗൃഹനാഥൻ മരണപ്പെട്ടാൽ കാർഷിക കടം ഏറ്റെടുക്കുന്ന പദ്ധതി**

200 (1673) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട ഗൃഹനാഥൻ മരണപ്പെട്ടാൽ കാർഷിക കടം ഏറ്റെടുക്കുന്ന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് സഹായം നൽകാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി എത്ര തുക അനുവദിച്ചുവെന്നും അതിൽ എന്ത് തുക ചെലവഴിക്കപ്പെട്ടുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കുടുംബത്തിന്റെ അത്താണിയായിരുന്ന കുടുംബനാഥൻ/നാഥ മരണപ്പെട്ടാൽ പ്രസ്തുത വ്യക്തി സഹകരണ ബാങ്കുകളിൽ നിന്നോ വാണിജ്യ ബാങ്കുകളിൽനിന്നോ എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കാർഷിക കടബാദ്ധ്യതയുടെ പകുതി സംസ്ഥാന സർക്കാർ ബന്ധപ്പെട്ട ബാങ്കുകൾക്ക് നികത്തിക്കൊടുക്കുന്നതായിരിക്കും എന്നായിരുന്നു ബജറ്റ് പ്രഖ്യാപനം. ഇതിനായി 25 കോടി രൂപ വകയിരുത്തുന്നു എന്ന് പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടില്ല.

(ബി & സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly